തദ്ദേശ സ്വയംഭരണ വകുപ്പ്-പ്ലാനിംഗ്,
ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം
ജില്ലാ ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ

-

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം – തിരുവനന്തപുരം നഗരസഭ – അയിരൂപ്പാറ വില്ലേജിൽ – ഗ്രൂപ്പ് ബി ഒക്കുപ്പൻസിയിൽ ഉൾപ്പെടുന്ന -കെട്ടിട നിർമ്മാണം – കെട്ടിടത്തിൻറെ ലേ- ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:- 1. The Marthoma Church Education Society യുടെ 06.01.2022 ലെ അപേക്ഷ
2 Sri Mathew George ൻറെ 09.11.2021 ലെ അപേക്ഷ

**ഉത്തരവ് നമ്പർ TCPTVM/28/2022-D തീയതി 19/01/2022**

തിരുവനന്തപുരം നഗരസഭയിൽ അയിരൂപ്പാറ വില്ലേജിൽ 330/1, 330/19, 330/8, 335/10, 335/12, 335/9, 338/16, 338/6, 326/20, 326/21, 326/3, 326/3-2, 338/3-1, 326/4-1, 326/6, 326/7, 330/5, 330/6, 338/9, 328/2, 330/10, 330/11, 330/12, 330/13, 330/13-1, 330/14, 330/9, 331/1-6, 331/17, 329/3, 329/5, 330/15, 330/7, 329/1, 329/12, 329/4, 329/6, 329/7, 329/9, 326/3-1, 326/4-2, 330/17, 330/2, 330/16, 338/13, 338/3, 338/4, 338/5, 330/18, 330/3, 330/4, 338/10-1-1, 338/14-1, 328/1-1, 328/1-2, 328/1-3, 338/7, 338/8, 326/19, 326/5, 330/20, 334/8, 334/9, 334/9-1, 335/7, 338/17, 329/8, 328/1, 328/3, 329/11 എന്നി റീ-സർവ്വേ നമ്പറിൽ ഉൾപ്പെടുന്ന 77,344 ച.മീ വിസ്തീർണമുള്ള സ്ഥലത്തു ഗ്രൂപ്പ് ബി വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ ലേ ഔട്ട് അംഗീകാരത്തിനായി ശ്രീ.മാത്യൂ ജോർജ് സെക്രട്ടറി Marthoma church Educational Society നേരിട്ട് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി കെട്ടിടത്തിൻറെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം കെ.എം.ബി.ആർ.2019- നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം .
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞു പോകുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
7. നിർദ്ദിഷ്ട ലേ – ഔട്ടിൽ ഡ്രൈയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം . പ്രസ്തുത ലേ – ഔട്ടിൽ നിന്നുള്ള ഡ്രൈയിനേജ് ( മഴവെള്ളം / മലിനജലം )

പരിസരവാസികൾക്ക് ദോഷമുണ്ടാകരുത്.

8. നിർമ്മാണം കെ.എം.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം
9. Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് അനുമതികൾ ആവശ്യമെങ്കിൽ അവ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
10. കെ . എം . ബി . ആർ .2019 ചട്ടം 26(8) പ്രകാരം ഉറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
11. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
12. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ / സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിയ്ക്കരുത് .
13. കെ.എം.ബി.ആർ.2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യ മായ മരങ്ങൾ നടേണ്ടതാണ് .
14. പ്ലോട്ട് അതിർത്തിക്കുള്ളിൽ കാണപ്പെടുന്ന സ്വാഭാവിക ജലാശയങ്ങൾ മലിനമാകുന്നില്ല എന്നും നികത്തപ്പെടുന്നില്ല എന്നും ഉറപ്പാക്കേണ്ടത്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**05/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

Signature Not Verified
Digitally signed by Jayasree V K
Date: 2022.01.19 11:35:42 IST
Reason: Approved

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ

പകർപ്പ്: 1)Sri Mathew George
Secretary
The Marthoma Church Educational Society
Mukkolakkal
Thiruvananthapuram 695043
2) കരുതൽ ഫയൽ
3) ഫയൽ.